**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3046** **07-10-2025 - ൽ മറുപടിയ്ക്ക്**

**ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽ ജിവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കരാറുകാർ താമസം വരുത്തുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. ഫണ്ടിന്റെ അഭാവം തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിന് നബാർഡിൽ നിന്നും വായ്പയെടുക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ നിസ്സാര തടസ്സങ്ങൾ ചൂണ്ടിക്കാട്ടി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം വരുത്തുന്നത് ഒഴിവാക്കുന്നതിനായി ക്വാളിറ്റി ആന്റ് കോസ്റ്റ് ബേസ്ഡ് സിസ്റ്റത്തിനു പകരം സുതാര്യമായ ടെൻഡർ സംവിധാനം നടപ്പിലാക്കുമോ; വ്യക്തമാക്കുമോ? | (ബി) | ജലജീവൻ മിഷൻ പ്രവൃത്തികൾ എല്ലാം സുതാര്യമായ ഇ-ടെണ്ടർ സംവിധാനത്തിലൂടെ സർക്കാരിന്റെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരമാണ് ടെണ്ടർ ചെയ്തു നടപ്പിലാക്കുന്നത്.<br><br>കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കിയ ക്വാളിറ്റി ആന്റ് കോസ്റ്റ് ബേസ് സെലക്ഷൻ (QCBS) സംവിധാനം വളരെ സങ്കീർണ്ണവും അപൂർണ്ണവും, പൊതുജനങ്ങളിൽ നിന്ന് വ്യാപകമായ പരാതിയും ഉയർന്നിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത സംവിധാനം ഫലപ്രദമാണോയെന്ന് പരിശോധിക്കുന്നതിനായി ഇതു സംബന്ധിച്ച അടിസ്ഥാന വിവരം, സ്റ്റാറ്റിക്സ് എന്നിവ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിക്കുവാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ